## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1210 11.06.2019 ൽ മറുപടിക്ക്

## കണ്ണങ്ങാട് വെല്ലിംഗ്ടൺ ഐലന്റ് പാലം

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | 74 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കണ്ണങ്ങാട് വെല്ലിംഗ്ടൺ ഐലന്റ് പാലത്തിന്റെ കണ്ണങ്ങാട് ഭാഗത്ത് വീതികുറഞ്ഞ കോർപ്പറേഷൻ വക റോഡുകളല്ലാതെ ഗതാഗതയോഗ്യമായ റോഡ് ഇല്ലാത്തത് മൂലം ഇതിലൂടെയുള്ള യാത്ര ജനങ്ങളുടെ ജീവന് ഭീഷണി സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കോർപ്പറേഷൻ റോഡിന് വീതി കുറവായതിനാൽ (ഭാവിയിൽ തിരക്കുകൂടുമ്പോൾ) അപകടം ഉണ്ടാകുവാൻ സാധ്യതയുണ്ട്. എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പാലത്തിന്റെ അലൈൻമെന്റിന് അംഗീകാരം നൽകിയപ്പോൾ കണ്ണങ്ങാട് ഭാഗത്ത് നിന്ന് ദേശീയപാതയിലേക്ക് പ്രവേശിക്കാൻ ഗതാഗതയോഗ്യമായ റോഡ് നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്നോ; | (ബി) & (സി) പാലത്തിന്റെ അംഗീകരിച്ച അലൈൻമെന്റ് പ്രകാരം 660 മീറ്റർ നീളമുള്ള പാലവും തേവര ഭാഗത്ത് 85 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡും നിർമ്മിക്കുവാൻ വിഭാവനം ചെയ്തിരുന്നു. |
| (സി) | ഉണ്ടെങ്കിൽ ഇത് എവിടെയായിരുന്നുവെന്ന് വ്യക്തമാക്കാമോ; | |

| | | | |
|---|---|---|---|
| (ഡി) | 5.10.2016 ൽ നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ അലൈൻമെന്റ് മാറ്റുന്ന കാലയളവിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വിശദമാക്കാമോ; | (ഡി) | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല |
| (ഇ) | 2017 ൽ ഉദ്ഘാടനം ചെയ്യപ്പെട്ട പാലത്തിന്റെ അലൈൻമെന്റ് സംബന്ധിച്ച് സമർപ്പിച്ച മൂന്ന് പ്രൊപ്പോസലുകളിൽ, രണ്ടാമത്തെ പ്രൊപ്പോസലിൽ നിന്നും മൂന്നാമത്തെ പ്രൊപ്പോസലിലേക്ക് മാറുവാനുള്ള സാഹചര്യം സംബന്ധിച്ച ഓഫീസ് രേഖ ഇല്ലാത്തതിന് കാരണം വിശദമാക്കാമോ; | (ഇ) & (എഫ്) | കണ്ണങ്കാട് ക്ഷേത്രത്തിന്റെ മുമ്പിൽ അപ്രോച്ച് റോഡ് വന്ന് ചേരുന്നത് ഒഴിവാക്കുന്നതിനും വീടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കുന്നതിനും കായൽ നികത്തുന്നത് ഒഴിവാക്കുന്നതിനും വേണ്ടിയാണ് രണ്ടാമത്തെ പ്രൊപ്പോസലിൽ നിന്നും മൂന്നാമത്തെ പ്രൊപ്പോസലിലേക്ക് അലൈൻമെന്റ് മാറ്റിയത്. ഫയലുകളിൽ നിന്നും രേഖകൾ നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (എഫ്) | പ്രസ്തുത രേഖകൾ ഓഫീസിൽ നിന്നും നഷ്ടപ്പെട്ടതാണോ; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**